# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. പിൻ. 695035

ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/2303080

ഇ-മെയിൽ: dhskerala@gmail.com

വെബ്സൈറ്റ്: www.dhs.kerala.gov.in


ഇ എസ് 2/40318/2012/ആവഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി.27/11/2015

## നോട്ടീസ്

വിഷയം: ആവഡ- സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ശ്രീ. ഷിബു.എസ് സമ്മർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. Lr.No.A2/11234/2015/DMO(H) PTA Dt.15/10/2015
2. Order No.A2/2657/93/DMO(H) PTA Dt.05/02/1994
3. Order No.A2/852/97/DMO(H) PTA Dt.14/02/1997
4. Order No.ED1/20007/07/DHS Dt.15/06/2007
5. This office order even no. dated.15/12/2014

സീനിയർക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് പത്തനംതിട്ട മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിലെ സീനിയർ ക്ലാർക്ക് ശ്രീ. ഷിബു.എസ് സമർപ്പിച്ച അപേക്ഷ സൂചന 1 പ്രകാരം അയച്ചുതന്നിരിക്കുന്നു.

ശ്രീ. ഷിബു.എസ് സൂചന 2 പ്രകാരമുള്ള പത്തനംതിട്ട ഡി.എം.ഒ യുടെ നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ലാർക്കായി 09/03/1994 ൽ ജോലിയിൽ പ്രവേശിച്ചു. 12/1996 ൽ വകുപ്പ്തല പരീക്ഷയിൽ യോഗ്യത നേടുകയും സൂചന 3 പ്രകാരം 05/06/1996 മുതൽ പ്രബല്യത്തിൽ വരത്തക്കവിധം പരിശീലനകാലം പൂർത്തിയാക്കുകയും ക്ലാർക്കുമാരുടെ 01/01/1994 മുതൽ 31/03/1997 വരെയുള്ള സീനിയോരിറ്റി പട്ടികയിൽ 6 ആയി ഉൾപ്പെത്തുകയും ചെയ്തു. അതിന്റെ

അടിസ്ഥാനത്തിൽ സൂചന 4 പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനകയറ്റം നേടുകയും ചെയ്തു. എന്നാൽ സൂചന 5 പ്രകാരമുള്ള സീനിയർക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പേര് ഉൾപ്പെടുത്തിയിരുന്നില്ല.

ഈ സാഹചര്യത്തിൽ ശ്രീ. ഷിബു.എസ് ജോലിയിൽ പ്രവേശിച്ച തീയതി,പരിശീലനകാലം പൂർത്തിയാക്കിയ തീയതി, വകുപ്പ്തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി, സീനിയർക്ലാർക്കായി സ്ഥാനകയറ്റം നേടിയ തീയതി എന്നിവ പരിഗണിച്ച് സീനിയർക്ലാർക്കുമാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 210 (എ) ആയി ഉൾപ്പെടുത്തുന്നതിന് തൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | വകുപ്പ്തല പരീക്ഷകളിൽ യോഗ്യതനേടിയ തീയതി | LDC തസ്തികയിലെ റാങ്ക് നമ്പർ . | സീനിയർ ക്ലാർക്ക്തസ്തികയിൽ അനുവദിച്ച റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക്തസ്തിയിൽസീനിയോരിറ്റിക്ക്കണക്കാക്കിയ തീയതി |
|---|---|---|---|---|---|---|---|
| 1 | പി.സുജാത | 10/04/1972 | 11/03/1994 | MOP 06/95 AT(L)06/95 | 5 (94-97) | 210 | 29/04/2003 |
| 2 | ഷിബു.എസ് | 31/05/1968 | 09/03/1994 | MOP 6/93 AT(L)12/96 | 6 (94-97) | 210(A) | 29/04/2003 |
| 3 | നിമ.ടി.പി | 12/04/1965 | 30/05/1988 | MOP 11/89 AT(L)11/90 | 8(A) (94-97) | 211 | 29/04/2003 |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

ഒപ്പ്
പി.വി.മനോജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൾ.

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. ഇ.ഡി. സെക്ഷൻ.
5. ഫയൽ/ കരുതൽ ഫയൽ